"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പറപ്പൂക്കര ഗ്രാമപഞ്ചായത്ത് - പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് - പന്തല്ലൂർ FWC നിർമ്മിക്കുന്നതിന് അനുവദിച്ച തുക ആലത്തൂർ സബ്സെന്ററിന് വിനിയോഗിച്ചത് സാധൂകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.2379/2024/LSGD തീയതി,തിരുവനന്തപുരം, 06-12-2024

---

പരാമർശം:-
1. സ.ഉ.(സാധാ) നം.1625/2023/LSGD; തീയതി 09.08.2023
2. പറപ്പൂക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 05.10.2024ലെ SC1-4760/2024 നമ്പർ കത്തും ബഹു. പുതുക്കാട് എം.എൽ.എ. യുടെ 08.10.2024ലെ കത്തും
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 27.11.2024ലെ LSGD/PD/37240/2024-DPLA1 നമ്പർ കത്ത്.

**ഉത്തരവ്**

പതിനഞ്ചാം കേന്ദ്ര ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുള്ള 2022-23 ഹെൽത്ത് ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശം 1 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. അത് പ്രകാരം കെട്ടിടങ്ങൾ ഇല്ലാത്ത ആരോഗ്യ സ്ഥാപനങ്ങൾക്ക് കെട്ടിടം നിർമ്മിക്കാൻ സഹായം നൽകുന്ന സ്കീം 1 പ്രകാരം, പറപ്പൂക്കര ഗ്രാമപഞ്ചായത്തിലെ കുടുംബാരോഗ്യ കേന്ദ്രത്തിന് കീഴിൽ പന്തല്ലൂർ എന്ന സ്ഥലത്ത് FWC നിർമ്മിക്കുന്നതിന് 55.5 ലക്ഷം രൂപ അനുവദിക്കുന്നതിന് അനുമതി ആകുകയും ആദ്യ ഗഡുവായി 27.75 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

2. പറപ്പൂക്കര കുടുംബാരോഗ്യ കേന്ദ്രം സ്ഥിതി ചെയ്യുന്നത് പന്തല്ലൂർ എന്ന സ്ഥലത്താണ്. അതിന്റെ കെട്ടിടം 2022-23 വർഷത്തിൽ 87.5 ലക്ഷം രൂപ മുടക്കി, മികച്ച സൗകര്യങ്ങളോടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതുമാണ്. അതേ സ്ഥലത്ത് തന്നെ മറ്റൊരു സബ്സെന്റർ 55 ലക്ഷം രൂപ വകയിരുത്തി പണിയേണ്ട ആവശ്യകത ഇല്ലാത്തതിനാലും, കൂടുതൽ അൺഫിറ്റായ കെട്ടിടം ആലത്തൂർ സബ്സെന്ററിന്റെ ആയതിനാലും, പന്തല്ലൂർ സ്ഥിതി ചെയ്യുന്ന പറപ്പൂക്കര FHC യുടെ കീഴിലുള്ള ആലത്തൂർ സബ്സെന്റർ പണിയുന്നതിന് ബഹു വർഷ പ്രോജക്ടായി 2023-24ൽ പറപ്പൂക്കര ഗ്രാമപഞ്ചായത്ത് പദ്ധതി തയ്യാറാക്കുകയും, ഡി.പി.സി അംഗീകാരവും സാങ്കേതികാനുമതിയും ലഭ്യമാക്കി, അൺഫിറ്റായ ആലത്തൂർ സബ്സെന്റർ കെട്ടിടം പൊളിച്ചു മാറ്റി, പുതിയ കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. അതിനാൽ പരാമർശം 1 പ്രകാരം പന്തല്ലൂർ FWC കെട്ടിട നിർമ്മാണത്തിനു അനുവദിച്ച ഫണ്ട്, ആലത്തൂർ സബ് സെന്റർ കെട്ടിട നിർമ്മാണത്തിനു ഉപയോഗിക്കാൻ അനുമതി നൽകണമെന്ന് പറപ്പൂക്കര

ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പരാമർശം 2 പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

3. ഒരേ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ സബ്സെന്റർ നിർമാണത്തിന് തന്നെ തുക വിനിയോഗിക്കുന്നതിനാൽ പി.എഫ്.എം.എസ് ൽ മറ്റ് ക്രമീകരണങ്ങൾ ആവശ്യമില്ല എന്നും, സബ്സെന്റർ നിർമാണത്തിന് ഉചിതമായ സ്ഥലം ലഭ്യമാകാത്തത് കാരണം ഹെൽത്ത് ഗ്രാന്റ് സ്കീം 1 ൽ ചെലവ് ശതമാനം വളരെ കറവാണ് എന്നും, കൂടാതെ നിലവിൽ അനുവദിച്ചിട്ടുള്ള ഗ്രാന്റ് തുകയുടെ 50% ചെലവഴിച്ചെങ്കിൽ മാത്രമേ അടുത്ത വർഷത്തേക്കുള്ള ഗ്രാന്റ് കേന്ദ്ര സർക്കാർ റിലീസ് ചെയ്യുകയുള്ളൂ എന്നും, പ്രസ്തുത സാഹചര്യങ്ങൾ കൂടി പരിഗണിച്ച് പറപ്പൂക്കര ഗ്രാമപഞ്ചായത്തിലെ പന്തല്ലൂർ സബ്സെന്ററിന് അനുവദിച്ച തുക അതേ ഗ്രാമപഞ്ചായത്തിലെ തന്നെ ആലത്തൂർ സബ്സെന്ററിന്റെ നിർമാണത്തിനായി ഉപയോഗിക്കുന്നതിന് അനുമതി നൽകാവുന്നതാണ് എന്നും പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം 3 പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെട്ടിട നിർമ്മാണത്തിന് ഫണ്ട് അനുവദിച്ച സ്ഥലത്ത് കെട്ടിട നിർമ്മാണം ആവശ്യമില്ലാത്തതുകൊണ്ടാണ് തികച്ചും ആവശ്യമായ മറ്റൊരു സ്ഥലത്ത് നിർമ്മാണം നടത്തിയത് എന്നതിനാലും, ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗമാനദണ്ഡങ്ങൾ ഗ്രാമപഞ്ചായത്ത് ലംഘിച്ചിട്ടില്ലാത്തതിനാലും, അതേ ഗ്രാമപഞ്ചായത്തിലെ തന്നെ മറ്റൊരു സബ്സെന്ററിന്റെ നിർമാണത്തിനായാണ് ഫണ്ട് ഉപയോഗിച്ചത് എന്നതിനാലും, പന്തല്ലൂർ FWC കെട്ടിട നിർമ്മാണത്തിനു അനുവദിച്ച പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് ഫണ്ട്, ആലത്തൂർ സബ് സെന്റർ കെട്ടിട നിർമ്മാണത്തിനു ഉപയോഗിച്ച പറപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ നടപടി സാധൂകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANOJ T

ജോയിന്റ് സെക്രട്ടറി

1. പ്രസിഡന്റ്/ സെക്രട്ടറി, പറപ്പൂക്കര ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ - 680301
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
3. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
4. ഡയറക്ടർ, ആരോഗ്യ വകുപ്പ്
5. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
6. ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷൻ, തൃശ്ശൂർ
7. ജില്ലാ പ്ലാനിംഗ് ഓഫീസർ, തൃശ്ശൂർ
8. ജോയിന്റ് ഡയറക്ടർ (തദ്ദേശസ്വയംഭരണ വകുപ്പ്), തൃശ്ശൂർ
9. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
10. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
11. ഡയറക്ടർ ജനറൽ, കില
12. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
13. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
14. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
15. തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്
16. തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്

17. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 13-12-2024 11:16:16

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്